# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2607 — 19/12/2012-ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ ജലസംരക്ഷണ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | ശ്രീ. പി .ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ജലസംരക്ഷണ പദ്ധതികൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം വകയിരുത്തിയ തുക എത്രയെന്നും അതിൽ എന്ത് തുക ചെലവഴിച്ചെന്നും വ്യക്തമാക്കുമോ; | എ) **ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും):-** 2011-12 സാമ്പത്തിക വർഷം ജലസംരക്ഷണവുമായി ബന്ധപ്പെട്ട ചെക്ക് ഡാമുകളുടെ നിർമ്മാണത്തിന് സംസ്ഥാന പ്ലാൻ ഫണ്ടിൽ **1.75 കോടി രൂപയും,** നബാർഡിന്റെ സാമ്പത്തിക സഹായത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് **15 കോടി രൂപയും,** കുളങ്ങളുടെ നവീകരണത്തിന് **10 കോടി രൂപയും** വകയിരുത്തിയിരുന്നു. ഈ തുക മുഴുവനായും ചെലവഴിച്ചു.<br><br>**ഭൂജലവകുപ്പ്:-**ഭൂജലം സംരക്ഷിക്കുന്നതിനും ഭൂജല സമ്പത്ത് പരിപോഷിപ്പിക്കുന്നതിനുമായി ഭൂജല വകുപ്പ് ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതിയിൻ കീഴിൽ കഴിഞ്ഞ സാമ്പത്തിക വർഷം **50 ലക്ഷം** രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു. ഇതിൽ **55 പദ്ധതികൾക്കായി 49.88 ലക്ഷം** രൂപ ചെലവഴിച്ചു.<br><br>**കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡെവലപ്മെന്റ് യൂണിറ്റ്:-** കേന്ദ്രകുടിവെള്ള ശുചിത്വ മന്ത്രാലയത്തിന്റെ ധനസഹായത്തോടെ ജലശ്രീ സിസിഡിയു കഴിഞ്ഞ സാമ്പത്തിക വർഷം നടപ്പിലാക്കിയത് താഴെപ്പറയുന്നവയാണ്. ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ജല ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി പ്രധാനമായും ഒന്നിനം പ്രവർത്തനങ്ങളാണ് സംഘടിപ്പിച്ചത്. |

1) മാനവ വിഭവശേഷി പ്രവർത്തനം
2) വിവര വിദ്യാഭ്യാസ വിനിമയ പ്രവർത്തനം
3) ജലഗുണ നിലവാര പരിശോധന പരിശീലന പ്രവർത്തനം.

ആകെ വകയിരുത്തിയ തുക **257.94 ലക്ഷം** രൂപ. അതിൽ **115.68 ലക്ഷം** രൂപ ചെലവഴിച്ചു.

**ചീഫ് എഞ്ചിനീയർ, പ്രോജക്ട്- 1:-** ജലസേചന പദ്ധതികൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം (2011-12) പദ്ധതി ഇനത്തിൽ (Plan) **9721.75 ലക്ഷം** രൂപയും പദ്ധതിയേതര ഇനത്തിൽ (Non Plan) **4928.05 ലക്ഷം** രൂപയും വകയിരുത്തിയിരുന്നു. ഇതിൽ പദ്ധതി ഇനത്തിൽ **7993.06 ലക്ഷം** രൂപയും പദ്ധതിയേതര ഇനത്തിൽ **5129.89 ലക്ഷം** രൂപയും ചെലവഴിച്ചിട്ടുണ്ട്.

ബി) ഈ സാമ്പത്തിക വർഷം കേന്ദ്ര പദ്ധതികൾ ഉൾപ്പെടെ എന്ത് തുകയാണ് ജലസംരക്ഷണ പദ്ധതികൾക്കായി നീക്കി വച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

ബി) **ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും):-** ഈ സാമ്പത്തിക വർഷം ജലസംരക്ഷണ പദ്ധതികൾക്കായി **64.50 കോടി രൂപ** നീക്കി വച്ചിട്ടുണ്ട്.

**ഭൂജലവകുപ്പ്:- നടപ്പു സാമ്പത്തിക വർഷം** ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതിയിൻ കീഴിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡെവലപ്മെന്റ് യൂണിറ്റ് :-** ഈ സാമ്പത്തിക വർഷം കേന്ദ്ര പദ്ധതികൾ ഉൾപ്പെടെ ജലസംരക്ഷണ പദ്ധതികൾക്കായി **257.94 ലക്ഷം** രൂപ നീക്കി വച്ചിട്ടുണ്ട്.

**ചീഫ് എഞ്ചിനീയർ, പ്രോജക്ട്-1:-** ഈ സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ **2465 ലക്ഷം** രൂപയും പദ്ധതിയേതര ഇനത്തിൽ 5872.01 **ലക്ഷം** രൂപയും ജലസേചന പദ്ധതികൾക്കായി നീക്കി വച്ചിട്ടുണ്ട്.

സി) സംസ്ഥാനത്തെ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതവും വ്യാപകവുമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സി) **ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) :** സംസ്ഥാനത്തെ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി **ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന പദ്ധതിയും, കുളങ്ങളുടെ നവീകരണം എന്ന പദ്ധതിയും** നിലവിലുണ്ട്. ഇതു കൂടാതെ സംസ്ഥാന ബഡ്ജറ്റിലെ ഫണ്ടിന്റെ ലഭ്യതയനുസരിച്ചും നബാർഡിന്റെ ധനസഹായത്തോടെയും, 13-ാം ധനകാര്യ കമ്മീഷൻ അവാർഡിന്റെയും സഹായത്തോടെ ചെക്ക് ഡാമുകൾ, വി.സി.ബി, കനാലുകൾ, തോടുകൾ എന്നിവയുടെ നിർമ്മാണവും, പുനരുദ്ധാരണ പ്രവർത്തികളും ഏറ്റെടുത്ത് നടത്തി വരുന്നു.

**ഭൂജലവകുപ്പ്**:- ഭൂജലത്തിന്റെ ദുർവിനിയോഗം തടയാനായി സംസ്ഥാനത്ത് ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് നടപ്പിലാക്കിയിട്ടുണ്ട്. ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ ചൂഷണം, ഉപയോഗം എന്നിവ ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഇതിൽ വ്യവസ്ഥ ചെയ്യുന്നു. കൂടാതെ കൃത്രിമ ഭൂജല സംപോഷണത്തിനായി ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതിയും ഭൂജല വകുപ്പ് നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൻ കീഴിൽ തടയണകൾ, അടിയണകൾ തുടങ്ങിയവ നിർമ്മിക്കുകയും തുറന്ന കിണറിലൂടെയുള്ള ഭൂജല സംപോഷണം നടത്തുകയും ചെയ്യുന്നു.

**കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡെവലപ്മെന്റ് യൂണിറ്റ് :- കേരള ജലവിഭവ വകുപ്പ്** ജലശ്രീ - സിസിഡിയു-ന്റെ നേതൃത്വത്തിൽ ആരോഗ്യവകുപ്പ് ഹെൽത്ത് ഇൻസ്പെക്ടർമാർ/ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവരെയും, ആരോഗ്യകേരളത്തിന്റെ (NRHM) ആശാ വർക്കേഴ്സിനേയും ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജലഗുണ നിലവാര പരിശോധനയും, കൂടാതെ ജില്ലകൾ തോറും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളിലെ ജലസ്രോതസ്സുകളുടെ ജലഗുണ നിലവാരം പരിശോധിച്ച് ചർച്ച ചെയ്യുന്നതിനും പരിഹാര നിർദ്ദേശങ്ങൾക്കുമായി ജില്ലാ പഞ്ചായത്തിന്റേയും, എൽ.എസ്.ജി.ഡി, എഞ്ചിനീയേഴ്സ് അസോസിയേഷന്റെയും സഹകരണത്തോടെ എഞ്ചിനീയർമാർക്കും വേണ്ടി കുടിവെള്ള ഗുണനിലവാര - ഏകദിന പരിശീലന ശില്പശാല സംഘടിപ്പിക്കുകയും ചെയ്തു വരുന്നു. 14 ജില്ലാ പഞ്ചായത്ത് ആസ്ഥാനങ്ങളിലും ജലസംരക്ഷണ സന്ദേശ പരസ്യ ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തു. ഈ വിഷയത്തിൽ എക്സിബിഷൻ പരിപാടികളും സംഘടിപ്പിച്ചു വരുന്നു. ജലസംരക്ഷണ പ്രവർത്തനങ്ങൾക്കു വേണ്ടി വിവിധങ്ങളായ പ്രസിദ്ധീകരണങ്ങൾ, പോസ്റ്ററുകൾ, സ്റ്റിക്കറുകൾ, ബ്രോഷറുകൾ, നെയിം സ്ലിപ്പുകൾ എന്നിവ സ്കൂളുകളിലേക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും അയച്ചു കൊടുത്തിട്ടുണ്ട്.

**കേരള ജലവിഭവ വകുപ്പ്** ജലശ്രീ - സിസിഡിയു-ന്റെ നേതൃത്വത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ.

- ❖ ജില്ലകൾ തോറും സ്കൂളുകളിൽ ജലശ്രീക്ലബുകൾ രൂപീകരിച്ചു വരുന്നു.

- ജലശ്രീ - സിസിഡിയുന്റെയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ശുചിത്വ മിഷന്റേയും നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സ്ഥാപനങ്ങളുടെയും സഹകരണത്തോടെ മാലിന്യ വിമുക്ത ജലസംരക്ഷിത സംസ്കാരം രൂപപ്പെടുത്താൻ ജനങ്ങളെ കൂടുതൽ സജ്ജരാക്കുന്ന '**നല്ല നാട് നല്ല വെള്ളം**' എന്ന പദ്ധതിക്ക് തുടക്കംകുറിച്ചു.

- 14 ജില്ലകളിലും സഞ്ചരിക്കുന്ന എക്സിബിഷൻ യൂണിറ്റിനും തുടക്കം കുറിയ്ക്കുന്നതാണ്.

**ചീഫ് എഞ്ചിനീയർ, പ്രോജക്ട്**-1:- സർക്കാർ തലത്തിൽ സ്വീകരിക്കുന്ന നയപരമായ തീരുമാനങ്ങൾക്കനുസരിച്ച് വേണ്ട നടപടികൾ സ്വീകരിച്ച് ജലസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതവും വ്യാപകവുമാക്കുന്നതാണ്.

(signature)

**സെക്ഷൻ ഓഫീസർ**